സർക്കുലർ നമ്പർ CC/8/2017-18


# SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL

**Samasthalayam, Chelari, P.O. Thenhipalam, Malappuram-673 636.**

**Tel: 2400530, 2400749, Fax: 2400530 (0494)**

**website: www.skjmcc.com, Email: skjmccchelari@gmail.com**


## മുഅല്ലിം ദിനാചരണം

*ജില്ലാ, റെയ്ഞ്ച്, ജംഇയ്യത്തുൽ മുഅല്ലിമീൻ, മദ്റസ, മഹല്ല് മാനേജ്മെന്റ് കമ്മിറ്റി ഭാരവാഹികൾ, മുഅല്ലിം കൾ എന്നിവരെ അറിയിക്കുന്നത്*

മാന്യരെ, السلام عليكم

ശ്രദ്ധേയവും ദീനിസ്നേഹികൾ നെഞ്ചേറ്റിയതുമായ മഹത്പരിപാടിയാണല്ലോ മുഅല്ലിം ഡേ ആചര ണം.

നന്മ ഉപദേശിക്കുന്ന പഠനക്ലാസുകൾ, നമ്മിൽനിന്ന് വിട്ടുപിരിഞ്ഞ പ്രിയപ്പെട്ടവരെ സ്മരിക്കലും അവർക്കു വേണ്ടിയുള്ള കൂട്ടസിയാറത്തും, പ്രാർത്ഥനയും, മഹല്ല് മദ്റസാ കൂട്ടായ്മക്ക് നേതൃത്വം നൽകിയവരെ പരി ചയപ്പെടുത്തലും സേവനങ്ങളെ പറയൽ, അവരെ ആദരിക്കൽ, ദിക്റ് ദുആകളാൽ നിർഭരമായ ആത്മസം സ്കരണവേദി എന്നിവക്കൊപ്പം നമ്മുടെ അരുമ സന്താനങ്ങളുടെ ഇഹപര വിജയത്തിനുതകുന്ന ദീനീവി ജ്ഞാനം നൽകി ഉത്തമ പൗരന്മാരാക്കുന്ന ശ്രമകരമായ സേവനത്തിൽ ഏർപ്പെട്ട പാവപ്പെട്ട ഉസ്താദു മാരുടെ വീട് നിർമാണം, പെൺമക്കളെ വിവാഹം ചെയ്തയക്കൽ, ചികിത്സ, പ്രസവസഹായം, മരണാന ന്തര ക്രിയ, വിധവാസംരക്ഷണം, അത്യാഹിതം, അവശതാ സഹായം, മുഅല്ലിം പെൻഷൻ, മുഅല്ലിം മൻസിൽ തുടങ്ങിയ കാര്യങ്ങളിൽ സഹായം നൽകുന്ന മുഅല്ലിം ക്ഷേമനിധിയിലേക്കുള്ള ഫണ്ട് സമാഹരണം എന്നി വയും ഈ ദിനാചരണത്തിലൂടെ നിർവ്വഹിക്കപ്പെടുന്നു.

മുൻകാലങ്ങളിലെ മുഅല്ലിം ഡേ വിജയിപ്പിച്ച മദ്റസാ മഹല്ല് മാനേജിങ് കമ്മിറ്റികൾ, മദ്റസാ മുഅല്ലിം കൾ, ദീനീ സ്നേഹികൾ, മറ്റു സമുദായ സംഘടനാ അനുഭാവികൾ തുടങ്ങി അതുമായി സഹകരിച്ച സഹാ യിച്ച സർവരെയും അല്ലാഹു അർഹിക്കുന്ന പ്രതിഫലം നൽകി ഇരുവീട്ടിലും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്നും എല്ലാവരുടെയും പ്രാർത്ഥനയും അകമഴിഞ്ഞ സഹായസഹകരണം അഭ്യർത്ഥി ക്കുന്നു.

## 2017 മുഅല്ലിം ദിനാചരണം

ഈ വർഷത്തെ മുഅല്ലിം ഡെ 2017 ഒക്ടോബർ 8നു ഞായറാഴ്ച മുൻവർഷങ്ങളിലെപ്പോലെ മദ്റസാ, മഹല്ല് പരിധിയിലെ മുസ്‌ലിം ബഹുജനങ്ങളെ ഒരുമിച്ചുകൂട്ടി താഴെ കാണിച്ച പരിപാടികളോടെ പൊതുപ രിപാടിയും ഒക്ടോബർ 13ന് വെള്ളിയാഴ്ച ക്ഷേമനിധി ഫണ്ട് സമാഹരണവും നടത്തേണ്ടതാണ്.

### ചെയ്യേണ്ടവ

**I: പ്രാരംഭം**

മഹല്ല് നേതൃയോഗം (മഹല്ല്, മദ്റസാ ഭാരവാഹികൾ, ഉസ്താദുമാർ, സംഘടനാ പ്രവർത്തകർ) എന്നി വരെ സംബന്ധിപ്പിച്ച് മദ്റസാതല സ്വാഗതസംഘ രൂപീകരണം.

**II അറിയിപ്പ്-പ്രചാരണം** (വാർത്താബോർഡ് സ്ഥാപിക്കൽ, സർക്കുലർ കോപ്പി വീടുകളിലെത്തിക്കൽ, ക്ഷണക്കത്ത്, എസ്.ബി.വി. യൂണിറ്റ് മുഖേന)

**III: ആത്മീയം**

**1. പ്രാർത്ഥന**, **2. സ്വാഗതം** (മദ്റസ സെക്രട്ടറി/സ്വദർ മുഅല്ലിം), **3. അധ്യക്ഷം** (സമസ്ത/പ്രാദേശിക നേതാവ്), **4. ഉദ്ഘാടനം** (പ്രദേശത്തെ സയ്യിദ്/പണ്ഡിതൻ) **5. മുഖ്യപ്രസംഗം** (വിഷയം: ജംഇയ്യത്തുൽ മുഅല്ലിമീൻ സേവനപാതയിൽ ആറു പതിറ്റാണ്ട്) **6. ആദരം** (കമ്മറ്റി ഭാരവാഹിത്വം, ദീനീ നേതൃത്വം, സ ന്നദ്ധ സേവനം എന്നീ രംഗത്ത് കാലംകൊണ്ടോ കർമം കൊണ്ടോ പ്രശോഭിതരായ മഹല്ല് നിവാസികൾ, മത ഭൗതിക പഠനരംഗത്ത് മികവ് തെളിയിച്ചവർ, അവാർഡ് ജേതാക്കളായ അധ്യാപകവിദ്യാർത്ഥികൾ എന്നി വരെ ഷാൾ അണിയിച്ചോ മെമന്റോ നൽകിയോ ആദരിക്കുക.) **7. മജ്‌ലിസുന്നൂർ, ദിക്റ് ദുആ** (നേതൃത്വം: മഹല്ല് ഖത്വീബ്)

**III: പഠനം**

**ക്ലാസ് I- *മദ്റസകൾ പ്രകാശഗോപുരങ്ങൾ:*** *(ഉത്തമ തലമുറയുടെ സൃഷ്ടിപ്പിൽ സാധിച്ചെടുത്ത വിജ്ഞാന വിപ്ലവം. ഉദാ: പ്രാദേശിക പണ്ഡിതർ, മഹല്ല് നായകർ, മഹത്തുക്കൾ എന്നിവരെ പരിചയപ്പെടുത്തൽ)*

**IV: ആസ്വാദനം:** *(ഖുർആൻ പാരായണം, ബുർദ മജ്‌ലിസ്/മാലപ്പാട്ട്, പടപ്പാട്ട്. മദ്റസാ അധ്യാപക വിദ്യാർത്ഥി കളിൽ നിന്ന് റെയ്ഞ്ച്-മേഖലാ-സ്റ്റേറ്റ് കലാമേളയിലോ SKSSF സർഗലയത്തിലോ പങ്കെടുത്ത മികവ് നേടിയവ രുടെ പരിപാടികൾ)*

**V: ഫണ്ട് സമാഹരണം:**

മുഅല്ലിം ഡെ പരിപാടിയോടനുബന്ധിച്ചോ തൊട്ടടുത്ത വെള്ളിയാഴ്ചയോ മദ്റസാ മഹല്ല് പ്രസിഡണ്ട്, സെക്രട്ടറിമാരുടെ മേൽനോട്ടത്തിൽ മുഅല്ലിം ക്ഷേമനിധി പ്രവർത്തന ഫണ്ടിലേക്ക് പരമാവധി സംഖ്യ സ്വരൂപി ക്കുകയും ലഭിക്കുന്ന തുക അടുത്ത ദിവസം തന്നെ റെയ്ഞ്ച് സെക്രട്ടറിയെയോ അധികാരപ്പെടുത്തുന്നവരെയോ ഏൽപിച്ച് രശീത് വാങ്ങുകയും ചെയ്യണം. റെയ്ഞ്ച് സെക്രട്ടറിമാർ അത് അടുത്ത ദിവസംതന്നെ ഓഫീസിൽ അടക്കേണ്ടതാണ്. (ഇത് അൽ മുഅല്ലിമിൽ പരസ്യപ്പെടുത്തുന്നതാണ്.)

പരലോകത്ത് പ്രതിഫലപൂർണമായ ഒരു സ്വദഖയും കർമവുമായതിനാൽ മുഅല്ലിം ഡേ പരിപാടികളും ഫണ്ട് ശേഖരണവും വിജയിപ്പിക്കുന്നതിൽ മഹല്ല് മദ്റസാ മാനേജിങ് കമ്മിറ്റിക്കും നാട്ടുകാർക്കുമൊപ്പം മുഴുവൻ മുഅല്ലിംകളും ഭാഗഭാക്കാകേണ്ടതാണ്.

(ഈ സർക്കുലറിന്റെ കോപ്പി മദ്റസാ മാനേജിങ് കമ്മിറ്റിക്കും ഓരോ വീട്ടുകാർക്കും എത്തിക്കാൻ വേണ്ടത് ചെയ്യേണ്ടതാണ്.)

സമസ്താലയം
12-07-2017

എന്ന്
ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി(ഒപ്പ്)
ജനറൽ സെക്രട്ടറി SKJMCC